
# അക്കാദമിക മാസ്റ്റർ പ്ലാൻ
# ജെ. എം. എച്ച്. എസ്. എസ്
# കോടുകുളഞ്ഞി


Ph. No : 9447348481
E-mail: jmhs1947@gmail.com
School Code : 36032


| | | |
|---|---|---|
| ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ഉപജില്ല | : | ചെങ്ങന്നൂർ |

## 2025–2026

ജെ എം എച്ച് എസ് , കോടുകുളഞ്ഞി



UDISE Code : 32110300606

# ഉള്ളടക്കം


1. ആമുഖം
2. സ്കൂൾ ചരിത്രം
3. നിലവിലെ അവസ്ഥാ വിശകലനം
4. പ്രശ്നങ്ങൾ - വെല്ലുവിളികൾ
5. പൊതുലക്ഷ്യങ്ങൾ
6. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
7. വിഷയമേഖല - പ്രവർത്തനങ്ങൾ
8. ഉപസംഹാരം

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ട തുണ്ട്. അതിനുവേണ്ടി സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു ജാതിമത ചിന്ത കൂടാതെ സാമ്പത്തിക വേർതിരിവില്ലാതെ, ലിംഗവ്യത്യാസമില്ലാതെ പരസ്പര സഹകരണ ത്തോടെ പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാനും എല്ലാ വിഭാഗം ജനങ്ങ ളേയും പങ്കാളികളാക്കി പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നത് മുഖ്യ അജണ്ടയാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠനപുരോഗതിയും സമഗ്രവികസനവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം അത്യാവശ്യമാണ്.

2025-26 അക്കാദമിക വർഷം സമഗ്രഗുണമേൻമ വർഷമാണ്. പാഠ്യപദ്ധതി പരിഷ്ക്ക രിച്ചു മൂല്യനിർണ്ണയപ്രക്രിയയിലും മാറ്റങ്ങൾ വരുത്തി.പഠനം പരീക്ഷയെ ലക്ഷ്യമാക്കി യുള്ളത് ആകരുത്. ഒരു കുട്ടി സമൂഹത്തിൽ എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം എന്നതിന്റെ പരിശീലനക്കളരിയാകണം പൊതുവിദ്യാലയങ്ങൾ ജനാധി പത്യം, മതനിരപേക്ഷത എന്നിവ വികസിപ്പിക്കാനും, മയക്കുമരുന്ന്, ലഹരി എന്നിവയ്ക്കെ തിരായ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതും വിദ്യാലയങ്ങളിലൂടെയാണ്.

എല്ലാ കുട്ടികളേയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർ ത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

അക്കാദമിക രംഗത്തെ മികവ്- ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്ത നങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ പരി ഹരിക്കുകയും ചെയ്യണം.

ഹരിതഭംഗിയാർന്ന, ശബ്ദ കോലാഹലങ്ങളില്ലാത്ത കുന്നിൻ മുകളിലെ സ്കൂൾ ക്യാമ്പസ്, ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ ഈ സ്കൂളിന്റെ മുഖമുദ്ര യാണ്. സ്കൂൾ രൂപം കൊടുത്ത വികസനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങ ളുമായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.

# സ്കൂൾ ചരിത്രം

കോടുകുളഞ്ഞി ഗ്രാമത്തിനു തിലകക്കുറിയായി കഴിഞ്ഞ 77 വർഷങ്ങളായി സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സരസ്വതിക്ഷേത്രമാണ് ജോൺ മെമ്മോറിയൽ ഹൈസ്കൂൾ. പ്രകൃതി രമണീയമായ ഒരു കുന്നിൻ മുകളിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ നാട്ടുകാർ 'കുഞ്ഞൻ പാപ്പി സാർ' എന്ന് ഓമനപ്പേരിട്ടു വിളിച്ചിരുന്ന എം. ജെ. ജോൺ സാർ 1947-ൽ സ്ഥാപിച്ച ഈ സ്ഥാപനത്തിന്റെ പേര് 'കോടുകുളഞ്ഞി ഹൈസ്കൂൾ' എന്നായിരുന്നു. ജോൺസാറിന്റെ കാലശേഷം അദ്ദേഹത്തിന്റെ മകൻ ശ്രീ. എം. ജെ. തോമസ് മാനേജർ സ്ഥാനമേറ്റെടുത്തപ്പോൾ സ്കൂളിന്റെ നാമം 'ജോൺ മെമ്മോറിയൽ ഹൈസ്കൂൾ' എന്നാക്കി മാറ്റി. 2001 ൽ ഈ സ്കൂൾ ഓർത്തഡോക്സ് സഭ ഏറ്റെടുത്തു പ്രവർത്തനം നടത്തി വരുന്നു. സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ സ്ഥാനം വഹിക്കുന്നത് അഭിവന്ദ്യ ഡോ: ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയാണ്.

ഈ സ്കൂളിന്റെ ചരിത്രത്തിലെ നാഴിക കല്ലുകളാണ് ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികൾ. മാവേലിക്കര ബിഷപ്പ് മൂർ കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. എം. കെ. ചെറിയാൻ, പി. എസ്. സി. മുൻ അംഗം അഡ്വ: തോമസ് ഫിലിപ്പ്, കൊച്ചി BPCL റിട്ട എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺ മിനു മാത്യൂ കോഴിക്കോട് ഗവ: ഹോമിയോ മെഡിക്കൽ കോളേജ് റിട്ട. പ്രൊഫസറും എച്ച്. ഒ. ഡി യുമായ ഡോ: തോമസ് ബിജു മാത്യൂ എന്നിവർ ഈ സ്കൂളിലെ പ്രഗൽഭരായ പൂർവ്വ വിദ്യാർത്ഥികളിൽ ചിലരാണ്.

തിരുവനന്തപുരം ISRO യിലെ സുരേഷ് സാർ, കോടുകുളഞ്ഞി, ശ്രീനാരായണ വിശ്വധർമ്മമഠത്തിന്റെ മഠാധിപതി ശ്രീമദ് ശിവബോധാനന്ദ സ്വാമികൾ, Rt. Rev. Dr. K. P. കുരുവിള (മഹാ ഇടവക ബിഷപ്പ്) എന്നിവർ JMHS ന്റെ അഭിമാനങ്ങളാണ്.

കോടുകുളഞ്ഞി ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്ക്കാരിക-വിദ്യാഭ്യാസ-കായിക-കലാ മേഖലകളിൽ JMHS സ്കൂൾ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുണ്ട്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ജില്ല-സംസ്ഥാനതലങ്ങളിൽ മികവ് പ്രകടിപ്പിച്ച ധാരാളം കുട്ടികൾ ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.

ഹെഡ്മാസ്റ്റർ ജേക്കബ് ജോർജ് സാറിന്റെ നേതൃത്വത്തിൽ അധ്യാപക-അനധ്യാപകർ സ്കൂളിന്റെ പുരോഗതിക്കുവേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതിക - നേട്ടങ്ങൾ

അഞ്ച് ക്ലാസ് മുറികളും, ഓഫീസ്, കമ്പ്യൂട്ടർ ലാബും ഉൾപ്പെടുന്ന താഴത്തെ നിലയും, മുകൾ നിലയിൽ ഒരു ക്ലാസ്മുറിയും ആഡിറ്റോറിയവും നിലവിലുണ്ട്. താഴത്തെ ക്ലാസ്മുറികളിൽ ഹൈടെക് സംവിധാനങ്ങൾ ഉണ്ട്. സ്റ്റാഫ് റൂം ഉൾപ്പെടുന്ന പഴയ ബിൽഡിംഗിന്റെ ജീർണാവസ്ഥ പരിഹരിച്ചു. അവധിക്കാല അറ്റകുറ്റപ്പണിയുടെ ഭാഗമായി ജനൽ പാളി, പെയിന്റിംഗ്, ടൈൽ വർക്ക്, ഇലക്ട്രിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ചു. ശുദ്ധജല ലഭ്യതയ്ക്കായി കുടിവെള്ള ഫിൽട്ടർ സ്ഥാപിച്ചു. പാചകപ്പുര/ഡൈനിങ്ങ് ഹാൾ എന്നിവിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ അതിർത്തിയിൽ മണ്ണിടിച്ചിൽ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി കോണ്ടൂർ സർവേ നടത്തി പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ നടത്തി.

## ഭൗതികം- പരിമിതികൾ

ലാബ്, ലൈബ്രറി എന്നിവയ്ക്ക് കുറച്ചു കൂടി സൗകര്യങ്ങൾ ആവശ്യമാണ്. ശൗചാലയങ്ങൾക്ക് ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങൾ ഇല്ല. സ്കൂളിന് ചുറ്റുമതിൽ ഇല്ല. കൂടുതൽ സൗകര്യങ്ങളുള്ള ആഡിറ്റോറിയം, ഭോജനശാല, വാഹനഷെഡ് എന്നിവ ആവശ്യമാണ്. പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. മൈതാനം വിശാലമായ രീതിയിൽ ആധുനിക സംവിധാനങ്ങളോടെ പുനർനിർമ്മിക്കേണ്ടതാണ്. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്തെ മണ്ണ് മാറ്റി അവിടെ സ്കൂളിൽ ഒരു ഗേറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. സയൻസ് ലാബ് സ്ഥാപിക്കൽ

## അക്കാദമികം - നേട്ടങ്ങൾ

കഴിഞ്ഞ കുറേ വർഷങ്ങളായി S.S.L.C പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു. JRC യൂണിറ്റ് ജീവ കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നു. കുട്ടികൾ കലാ കായിക പ്രവർത്തനങ്ങളിൽ നേട്ടങ്ങൾ കൈവരിക്കുന്നു. കായിക മൽസരങ്ങളിൽ ജില്ലയിലും, സോഫ്ട്ബോൾ മൽസരത്തിൽ സംസ്ഥാനതലത്തിലേക്കും കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടു. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹിക മേളകളിലും, പ്രവർത്തി പരിചയമേളകളിലും ജില്ലാതലം വരെ കുട്ടികൾ പങ്കെടുത്ത് മികച്ച ഗ്രേഡുകൾ നേടി. ഓരോ ആഴ്ചയിലും SRG കൂടി അക്കാദമിക വിലയിരുത്തലുകൾ നടത്തുന്നു.

## അക്കാദമികം - പരിമിതികൾ

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് വർദ്ധിക്കേണ്ടതുണ്ട്. SSLC കുട്ടികളുടെ പഠനപുരോഗതി വർദ്ധിക്കണം. ലബോറട്ടറികൾ ആധുനിക രീതിയിലാക്കണം. ക്ലാസ് ലൈബ്രറികൾ ക്രമീകരിക്കണം. കലാകായിക പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണ്ണ സമയ സേവനം ലഭ്യമാകണം. പല കുട്ടികളുടെയും വീട്ടിലെ അന്തരീക്ഷം പഠനനിലവാരം കുറയുന്നതിന് തടസ്സമാകുന്നു. മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നം, രക്ഷിതാവിന്റെ മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുള്ള പ്രശ്നങ്ങൾ, മാതാപിതാക്കളുടെ വേർപാടുകൾ എന്നിവ കുട്ടികളുടെ പഠനത്തെ പിന്നോട്ട് നയിക്കുന്നു.

# <u>വെല്ലുവിളികൾ, പ്രശ്നങ്ങൾ</u>

- സ്കൂളിലേക്കുള്ള വഴി ശോചനീയമായ അവസ്ഥയിലാണ്
- വാഹനസൗകര്യം വളരെ കുറവാണ്
- സ്കൂളിന് ചുറ്റുമതിൽ  ഇല്ല.
- മഴവെള്ള സംഭരണി ഉപയോഗിക്കാൻ സാധിക്കുന്നില്ല.
- സാമൂഹ്യവിരുദ്ധരുടെ ശല്യം രാത്രിയിൽ സ്കൂൾ പരിസരത്ത് ഉണ്ടാകാറുണ്ട്.
- കളിസ്ഥലം മെച്ചപ്പെടണം.
- ലാബ് സൗകര്യം മെച്ചപ്പെടണം.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് ഭൂരിഭാഗവും. ഹൈസ്കൂൾ മാത്രമായതിനാൽ 8-ാം ക്ലാസ്സിലേക്ക് കുട്ടികളെ കിട്ടാൻ വളരെ ബുദ്ധി മുട്ടാണ്.
- ഭൂരിഭാഗം കുട്ടികളുടെയും വീടുകളിലെ സാമ്പത്തിക, സാമൂഹിക പിന്നോക്കാവസ്ഥ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു.
  (ശമ്പളമില്ലാത്ത അദ്ധ്യാപകരാണ് ഭൂരിഭാഗവും. ഇത് സ്കൂളിന്റെ ഭൗതിക വികസന ത്തെ ബാധിക്കുന്നു.)

# സമഗ്രഗുണമേൻമ വിദ്യാഭ്യാസം

## പൊതുലക്ഷ്യങ്ങൾ

1. ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2. കുട്ടിയുടെ കഴിവ് വിഷയപഠനത്തിൽ ഒരുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക.
3. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ കുട്ടികളുടെ അവകാശമായ വിദ്യാഭ്യാസ അവകാശനിയമം നിഷ്ക്കർഷിക്കുന്ന സാധ്യമായ ദിവസങ്ങൾ ലഭ്യമാക്കുക.
4. കുട്ടികളിൽ മതനിരപേക്ഷത, ജനാധിപത്യം, ഭരണഘടന, പാരിസ്ഥിതിക അവബോധം, ലിംഗാവബോധം, വിമർശനാവബോധം തുടങ്ങിയ മൂല്യങ്ങൾ ഉളവായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
5. സർവതോന്മുഖ വികസനത്തിനുവേണ്ടി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
6. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേൻമ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കുക.
7. നിലവാരമുള്ള അധ്യാപക പരിശീലനം ഉറപ്പാക്കുക.
8. വിദ്യാഭ്യാസം പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി ഹരിതജീവനം എന്ന ആശയം കുട്ടികളിൽ സ്വാംശീകരിക്കുക.
9. കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
10. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക.
11. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
12. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത കാമ്പസ് യാഥാർത്ഥ്യമാക്കുക.
13. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.
14. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
15. കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
16. സ്കൂൾ വായനശാലകൾ, ലബോറട്ടറികൾ ആധുനികവത്കരിക്കുക.
17. രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക.

## ലഹരിക്കെതിരെ അവബോധം

പിഞ്ചുകുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ലഹരിയുടെ പിടിയിലാകുന്നു. ലോകത്താകമാനം മനുഷ്യനെ പിടിച്ചുലക്കുന്ന വിപത്താണ് ലഹരി. ലഹരിയുടെ ദൂഷ്യ വശങ്ങൾ കുട്ടികളെ മനസ്സിലാക്കിക്കാൻ സ്കൂളിലൂടെ ശ്രമിക്കുന്നു. എക്സൈസ്, ആരോഗ്യകേന്ദ്രങ്ങൾ, അദ്ധ്യാപകർ തുടങ്ങിയവർ ഓരോ മാസവും ക്ലാസുകളും കൗൺ സിലിംഗും നടത്തുന്നു.

## റോഡ് സുരക്ഷ

റോഡിൽ വർദ്ധിച്ചുവരുന്ന അപകടങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കു വാൻ റോഡ് സുരക്ഷയെപ്പറ്റി പഠിപ്പിക്കുന്നത് അത്യാവശ്യമാണ്. കുട്ടികൾ സ്വാഭാവിക മായും ജിജ്ഞാസുക്കളും, ആവേശഭരിതരുമാണ്. അതിനാൽ ഈ സുരക്ഷാശീലങ്ങൾ മനസ്സിലാക്കുന്നത് അപകടസാധ്യത കുറയ്ക്കും. കാൽനടയാത്ര, സൈക്കിൾയാത്ര, ബസ് യാത്ര എന്നിവയിൽ പിന്തുടരേണ്ട ശീലങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്നു

.

## വ്യക്തിശുചിത്വം

കുട്ടികൾ ആരോഗ്യത്തോടെയിരിക്കാൻ സ്വയം ശുചിത്വം പാലിക്കണം. ഇത് അവരുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നു. ആരോഗ്യപരമായ ശുചിത്വശീലങ്ങൾ പിന്തു ടരുവാൻ പരിശീലനവും ആരോഗ്യപ്രവർത്തകരുടെ ക്ലാസും സംഘടിപ്പിക്കുന്നു.

## ഹരിതവിദ്യാലയം

പുതിയ അദ്ധ്യയന വർഷത്തിന് മുന്നോടിയായി സ്കൂളുകളിൽ 'ഹരിതവി ദ്യാലയം ശുചിത്വ വിദ്യാലയം' ക്യാമ്പയിന് തുടക്കമായി. പരിസ്ഥിതി സൗഹൃദ ശീല ങ്ങൾ സ്വീകരിക്കുന്നതിലൂടെ സ്കൂളുകളിൽ നല്ല പഠന അന്തരീക്ഷം ഉണ്ടാകും. അദ്ധ്യാ പകരുടെ നേതൃത്വത്തിൽ പച്ചക്കറിതോട്ട നിർമ്മാണം, വിളവെടുപ്പ് എന്നിവ ഈ വർഷ ത്തെ പ്രധാന പദ്ധതികളാണ്.

## വായനാശീലം

വായനാശീലം വളർത്താൻ ധാരാളം പ്രവർത്തനങ്ങൾ സ്കൂൾ ലൈബ്രറി, സമീപത്തുള്ള വായനശാലകൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ട് നടത്തി വരുന്നു.

## വ്യായാമം, കായിക ക്ഷമത

എന്നും രാവിലെ 9 മണി മുതൽ 9.15 വരെ ചെറുവ്യായാമങ്ങൾ, ഗെയിംസ്, breathing exercise, സൂംബ ഡാൻസ് എന്നിവ നടത്തുന്നു. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസത്തിനും ഇത് വളരെ ഉപകരിക്കുന്നുണ്ട്. അദ്ധ്യാപകരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്.

## പത്രവാർത്ത

പത്രവാർത്ത കുട്ടികൾ അസംബ്ലിയിൽ വായിക്കാറുണ്ട്. ബുക്കിൽ പത്രവാർത്ത എഴുതി സൂക്ഷിക്കാൻ ആവശ്യപ്പെടുന്നു. സ്കൂളിൽ നിന്ന് കുട്ടികൾക്ക് പത്രം നൽകാറുണ്ട്. മികച്ച പത്രവാർത്ത ശേഖരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാറുണ്ട്.

## ഡിജിറ്റൽ അച്ചടക്കം

ഡിജിറ്റൽ പഠനം വിദ്യാഭ്യാസത്തെ മാറ്റിമറിച്ചു. പരമ്പരാഗത പാഠപുസ്തക പഠനത്തിനപ്പുറം വൈവിധ്യമാർന്ന വിഭവങ്ങൾ സ്വയം പഠിക്കാനും പര്യവേഷണം ചെയ്യാനും സഹായിക്കുന്നു. എന്നാൽ സൈബർ ഇടങ്ങളിലെ അമിത ഉപയോഗം, ചതിക്കുഴി തുടങ്ങിയവയെപ്പറ്റി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ SITC യുടെ നേതൃത്വത്തിൽ ഓരോ മാസവും നടത്തിവരുന്നു.

## പൊതുമുതൽ സംരക്ഷണം

സർക്കാർ ആശുപത്രികൾ, റോഡുകൾ തുടങ്ങിയ ഇടങ്ങൾ എല്ലാവരുടേയും സ്വന്തമാണെന്നും അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നും കുട്ടികൾക്ക് അവബോധം ഉണ്ടാക്കി കൊടുക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. മൂന്ന് മാസത്തിലൊരിക്കൽ അവബോധന ക്ലാസുകൾ നടത്തി വരുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസനലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസമാക്കൽ
- വായനാശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം
- പ്രതിഭാപോഷണപരിപാടി
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യപാർക്ക് - ഒരുക്കൽ
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്രകൾ
- അദ്ധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ഐ. ടി. പഠനം - കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തക ശേഖരണം
- ചിത്രരചനാ ക്യാമ്പ്
- ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്രം, ഐ. ടി പ്രവൃത്തി പരിചയമേളകൾ
- ക്ലാസ് പി. ടി.എ. കാര്യക്ഷമമാക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെക്സ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2. മാസം ആഗസ്റ്റ് സെപ്റ്റംബർ<br>6 മാസം | പി.ടി.എ.<br>അദ്ധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന | October<br>March | പിടിഎ<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | 6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഈ - വായന | | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം<br>(ജൂലൈ<br>ഡിസംബർ) | പി.ടി.എ.<br>അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | 7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു. | 6 മാസം (ജൂലൈ - ഡിസംബർ) | ട്രെയിനർ, അദ്ധ്യാപകർ |

# മാസ്റ്റർ പ്ലാൻ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ<br>• കളികളിലൂടെയുള്ള ഭാഷാപഠനം<br>• ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികളിൽ സാംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക.<br>• രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു.<br>• മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക<br>• ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കുക. | 1. കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ | HSA ഹിന്ദി | |
| | 2. പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം സജീകരിക്കുക. | പ്രതിദിനം | HSA ഹിന്ദി<br>ഹിന്ദി ക്ലബ് | |
| | 3. ഹിന്ദി ക്ലാസ്, ലൈബ്രറി ഡിക്ഷനറി, ഹിന്ദിപത്രം, ഹിന്ദി മാസികകൾ, പുസ്തകങ്ങൾ, പതിപ്പുകൾ | പ്രതിദിനം | HSA ഹിന്ദി<br>ഹിന്ദി ക്ലബ് | |
| | ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | HM ക്ലാസ് ടീച്ചർ<br>HSA ഹിന്ദി<br>SRG | |
| | 5. ഓരോ ദിവസവും എല്ലാ ക്ലാസുകളിലും ഓരോ ഭാഷാ പരിപാടി | ആഴ്ച 3 ദിവസം | HSA ഹിന്ദി | |
| | 6. സ്പോക്കൻ ഹിന്ദി ക്ലാസസ് | ജൂലൈ - മാർച്ച് ദീർഘകാലം | HSA ഹിന്ദി<br>വിദ്യാഭ്യാസ വകുപ്പ് | |
| | 7. ഹിന്ദി ലാംഗ്വേജ് ലാബ് (ICT) വഴി ഡിജിറ്റൽ പഠനസാമഗ്രികൾ തയ്യാറാക്കൽ | ജൂലൈ - മാർച്ച് | HSA ഹിന്ദി<br>വിദ്യാഭ്യാസ വകുപ്പ്<br>PTA | |

| | | | | |
|---|---|---|---|---|
| | 8. വർക്ക്ഷോപ്പുകൾ (നാടകം, ഡാൻസ്, ടെലിഫിലിം, മുതലായവ) | ജൂൺ - ജനുവരി | HM, HSA ഹിന്ദി<br>PTA<br>ഹിന്ദി ക്ലബ് | |
| | 9. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | സെപ്റ്റംബർ | HSA ഹിന്ദി | |
| | 10. ഹിന്ദി കയ്യെഴുത്ത് മാസിക ഡി.റ്റി.പി. | സെപ്റ്റംബർ - ജനുവരി | HSA ഹിന്ദി ക്ലാസ്<br>PTA | |
| | 11. ഹിന്ദി സാഹിത്യോത്സവം | | HSA ഹിന്ദി<br>ഹിന്ദി ക്ലബ് | |
| | 12. പ്രദർശനം - മാസികൾ, പത്രങ്ങൾ, ചാർട്ടുകൾ, പരമാവധി ഹിന്ദി പുസ്തകങ്ങൾ, ഹിന്ദിയിലെ പ്രമുഖ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, ജീവചരിത്രം, രചനകൾ | | HSA ഹിന്ദി<br>ഹിന്ദി ക്ലബ്<br>SRG<br>PTA | |

<u>**AREA – ENGLISH LANGUAGE LEARNING**</u>

| AIM | ACTIVITIES | PERIOD | RESPONSIBILITY | EXPENSE |
|---|---|---|---|---|
| **To improve listening skill** | • **Give ample opportunities for listening to stories, news, etc..** | **Once a week** | **English teacher** | |
| | • **Listening comprehension test by providing worksheets** | **June & July** | **English teacher** | **200/-<br>English Club/<br>Teacher** |
| **To improve speaking skill** | • **Encourages students to speak in English in the class.** | **Daily** | **English teacher & other teachers** | **Nil** |
| | • **Conduct competitions like Extempore, Elocution, Debate etc..** | **August, September & on special days.** | **English Club** | |
| | • **Spoken English classes** | **Once / twice in a year** | **Subject Experts** | **1000/- PTA** |
| **To improve reading skill** | • **Let the students read English newspapers.** | **Daily** | **English teacher/ parents/ other teachers** | **English books- Donations from PTA, teachers etc…** |
| | • **Encourages students to read English story books from the library.** | **Once in a week.** | | |
| | • **Exam oriented Reading comprehension tests by providing worksheets.** | **October, November** | **English teacher** | **200/-<br>English Club/<br>Teacher** |
| **To improve writing skill** | • **Essay/ story writing competition.** | **December** | **English Club**<br>**English teacher** | **Nil** |
| **Vocabulary building** | • **Introduces new words and asks students to use them in sentences** | **Once in a week/ classroom activity** | **English teacher/ parents/other teachers** | **Nil** |
| | • **Encourages to use dictionary to find out meanings of new words.** | **Daily** | | |
| **Grammar Practice** | • **Basic grammar classes** | **May/ June 1st week** | **English teachers/ other subject experts** | **500/-or 1000/- PTA** |
| | • **Special online/offline classes on grammar** | **Weekly/ monthly/ online classes on holidays** | **English teacher** | |
| | • **Provide grammar worksheets** | | | **200/-<br>English Club/** |

| | | | | |
|---|---|---|---|---|
| | | | | Teacher |
| Pronunciation improvement | • Give opportunities to listen to the pronunciation of native English speakers | Monthly | English teacher/parents/ English Club | Nil |
| | • Encourage to listen to English news on radio/ television or English commentaries etc.. | Weekly | English teacher/ parents/ other teachers / English Club | Nil |
| Creative writing | • Create an English corner in the school and allow students to display short stories/poems written by them on the bulletin board placed there | Weekly | English Club | Bulletin board - donation by teachers/ PTA |
| To learn discourses through daily activities (learning by doing) | • Encourage the habit of writing diary in English | Daily | Teachers/ parents | Nil |
| | • Prepare Notice on various events that are about to conduct in the school | Before each & every event organized in the school | English Club | Chart/ A4 size paper/ colour, paint etc – English club & parents |
| | • Prepare Report on the events/ programmes conducted in the school | After the programmes | English Club | Nil |
| | • Prepare character sketches of main characters of movies they watched/ books they read. | Twice/ thrice in a year | English teacher | Nil |
| Enabling inclusivity/ Supportive learning | • Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners. | Through out the year | English teacher | Nil |
| | • Provide additional support and resources such as | | English teacher | |

| | | | | |
|---|---|---|---|---|
| Assessment & Feedback | small-group instruction, tutoring. peer mentoring, and remedial programs to help struggling students and challenge advanced learners.<br>• Offer opportunities for enrichment and extension activities to extend learning beyond the curriculum and cater to students interests and strengths.<br>• Include Assessment tests for assessing LSRW skills in calculating CE marks<br>• Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance task to assess different aspects of language learning.<br>• Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development. | Through out the year<br>Through out the year<br>Through out the year | English teacher<br>English teacher | Nil<br>Nil |

# അക്കാദമിക മാസ്റ്റർ പ്ലാൻ- ശാസ്ത്രം

**മേഖല : അക്കാദമികം**

**ഉപമേഖലാ : ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികളും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | • പ്രീ -ടെസ്റ്റ് ചോദ്യ നിർമാണം,ടെസ്റ്റ്,മൂല്യനിർണയം<br>• ആശയ ധാരണകൾ ഉറപ്പിക്കൽ<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിങ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ , ആസൂത്രണം<br>• പഠന പിന്നോക്കാവസ്ഥയുള്ളവർക്ക എക്സ്ട് വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ |
| 2. | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | • Science club വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>• Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ | ശാസ്ത്രാധ്യാപകർ |
| 3. | സ്കൂൾ ശാസ്ത്രലാബിന്റെ | വിവിധ ഉപകരണങ്ങൾ | അദ്യ term | ശാസ്ത്രാധ്യാപകർ |

| | | | | |
|---|---|---|---|---|
| | നവികരണം | ,ചാർട് ,മോഡൽ ,പ്രവർത്തന മാതൃകകൾ എന്നിവ്വ ഇനം തിരിച്ച ക്രമീകരിക്കൽ | | |
| 4. | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ ,പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | സ്കൂൾ ക്യാമ്പസ്സിൽ പച്ചക്കറി തോട്ടം | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ |
| 5. | ശാസ്ത്രപഠനം രസകരമാകാനും ശാസ്ത്ര തത്പരത വർദ്ധിപ്പിക്കാനും | ശാസ്ത്രദിനാചരണങ്ങൾ ശാസ്ത്രപഠന യാത്രകൾ | യഥാസമയങ്ങളിൽ | SRG, ശാസ്ത്രാധ്യാപകർ |
| 6. | ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള ലഘു പരീക്ഷണങ്ങളുടെ നിർവഹണം ശാസ്ത്ര ക്വിസ് | അദ്യ term | ശാസ്ത്രാധ്യാപകർ |
| 7. | വർക്ക് ഷീറ്റ | ഭിന്ന നിലവാരക്കാർക്കും ഭിന്ന ശേഷിക്കാർക്കും | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ |
| 8. | ശാസ്ത്ര ഐസിടി | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ, ചിത്രങ്ങൾ, അനിമേഷൻ പരിക്ഷണങ്ങൾ എന്നിവ | എല്ലായിപ്പോഴും | ശാസ്ത്രാധ്യാപകർ |

# സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുന്നു. ചരിത്രബോധത്തിലൂന്നിയുള്ള ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ മാസം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs. 5000/- |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം തുടങ്ങിയവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs. 5000/- |
| ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കാൻ പഠനഭാഗവുമായി ബന്ധപ്പെട്ട ഭൂപടങ്ങൾ ശേഖരിച്ചു ഓരോ കുട്ടിയും അറ്റ്ലസ് നിർമ്മിക്കുന്നു. | ജൂൺ– ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | - |
| കുട്ടികളിൽ വായനാശീലവും, നിലവാരവും, പൊതുവിജ്ഞാനവും വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുക | സ്കൂൾ ലൈബ്രറിയുടെ സഹായത്തോടെ സാമൂഹ്യശാസ്ത്ര, പൊതുവിജ്ഞാന പുസ്തകങ്ങൾ വായിച്ചു വായനകുറിപ്പ് തയ്യാറാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs. 500/- |
| സാമൂഹ്യപ്രശ്നങ്ങൾ മനസ്സിലാക്കാനും ഇടപെടാനും പ്രേരണ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ | സമൂഹത്തെ ബാധിക്കുന്ന പ്രാദേശിക വാർത്തകൾ ശേഖരിച്ച് ഡയറി എഴുതുന്നു. | ജൂൺ – ഡിസംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs. 500/- |
| പ്രാദേശിക അറിവ്, ചരിത്രരചനയിൽ കഴിവ് ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ | കോടുകുളഞ്ഞി പ്രദേശത്തിന്റെയും, സ്കൂളിന്റേയും ചരിത്രത്തെപ്പറ്റി ഒരു സെമിനാറും, ചരിത്രരചനാ മത്സരവും നടത്തുന്നു. | ആഗസ്റ്റ് – സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs. 1000/- |
| ചരിത്രദിനങ്ങൾ ആചരിക്കൽ | സോഷ്യൽ സയൻസ് ക്ലബ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ – മാർച്ച് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | - |

# ACADAMIC MASTER PLAN
## HS MATHEMATICS

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ഗണിത ശാസ്ത്രത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം | ജൂൺ ആദ്യവാരം | അധ്യാപിക, തിരഞ്ഞെടുത്ത കുട്ടികൾ |
| 2 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത പൂക്കളം, ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം, പസിലുകൾ, റിഡിൽസ് | ആദ്യ രണ്ട് ടേമുകൾ | അധ്യാപിക |
| 3 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപിക സംഘത്തലവൻ |
| 4 | ഗണിത മത്സര വേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപിക |
| 5 | ഐ.സി.ടി. സാധ്യതയിലൂടെയുള്ള ഗണിതപഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര. തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിതപഠനം | തുടർ പ്രവർത്തനം | അധ്യാപിക |
| 6 | പരീക്ഷ പരിശീലനം | ഇക്വേഷൻ ബുക്ക് തയ്യാറാക്കൽ, പരീക്ഷകൾ | മാസത്തിൽ ഒന്ന് | അധ്യാപിക |

**പേര് : ദിനാചരണങ്ങൾ**

**മേഖല : സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി നടത്തേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ - മാർച്ച് | SRG | - |

**പേര് : മൈതാന നിർമ്മാണം**

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | എല്ലാ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിലുംള്ള സൗകര്യത്തിലുള്ള മൈതാനമാക്കി നിർമ്മിക്കൽ | ഒരു വർഷം | പി.റ്റി.എ അദ്ധ്യാപകർ | |

**പേര് : കായിക പരിശീലനം**

**മേഖല : അക്കാദമികം /കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായികപരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ 3 ദിവസം | പി.റ്റി.എ. കായികാദ്ധ്യാപകൻ | 10,000/- |

**പേര് : കായികതാരങ്ങൾക്ക് അവാർഡ്**

**മേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതല, ഉപജില്ലാതല, ജില്ലാതല,, സംസ്ഥാനതല വിജയികളെ ആദരിക്കൽ | ഓരോതല മത്സരങ്ങൾക്കു ശേഷം | എച്ച്. എം. കായികാദ്ധ്യാപകൻ | 5,000/- |

**പേര് : മെഡിക്കൽ ക്യാമ്പ്**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്ക് സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിലൊരിക്കൽ | എച്ച്. എം. പി.റ്റി.എ | 5,000/- |

**പേര് : പച്ചക്കറിത്തോട്ടം**

**മേഖല : അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കാർഷിക സംസ്ക്കാരത്തെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒരിക്കൽ | | 5,000/- |

**പേര് : ചുറ്റുമതിൽ**

**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ നിർമ്മിക്കുക സ്കൂളിന് ആകർഷകമായി ഗേറ്റ് നിർമ്മിക്കുക | ഒരു വർഷം | | 10 ലക്ഷം |

**പേര് : ചിത്രരചനാക്കളരി**

**മേഖല : അക്കാദമികം/കലാ-വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | അവധിക്കാലത്ത് 5 ദിവസം | SRG | 5,000/- |

**പേര് : ജനറേറ്റർ സ്ഥാപിക്കൽ**

**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വൈദ്യുതി തടസ്സം കൂടാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈടെക്, ക്ലാസ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ | ഒരു വർഷം | പി.ടി.എ | |

പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ | പ്രതിമാസം കൃത്യമായ അജണ്ട വച്ച് പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം | മാസത്തിൽ ഒന്ന് വീതം | അദ്ധ്യാപകർ | |

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെസു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസവും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്. എം, പി. ടി.എ | സി. എസ്. ആർ. ഫണ്ട് |

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്രപോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | സമഗ്രയിലേക്ക് സ്കൂളിലെ സമയലഭ്യതയനുസരിച്ച് പ്രവർത്തനങ്ങൾ അപ്‌ലോഡ് ചെയ്യൽ | മാസത്തിൽ ഒരിക്കൽ | SRG | - |

പേര് : മാലിന്യസംസ്ക്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | - | |

**പേര് : പൂർവ്വ അദ്ധ്യാപകസംഗമം**

**മേഖല : സാമൂഹികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കാൻ | വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 1000/- |

**പേര് : പൂർവ്വവിദ്യാർത്ഥി സംഗമം**

**മേഖല : സാമൂഹികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥിസംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | O.S.A | 5000/- |

**പേര് : ഹരിതവിദ്യാലയം**

**മേഖല : അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | ഗ്രൂപ്പുതിരിച്ച് കുട്ടികൾ ക്ക് തണൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി. അവയുടെ സംരക്ഷണവും ഗ്രൂപ്പിന് നൽകുന്നു. | അക്കാദമിക വർഷം | സ്കൂൾ പാർലമെന്റ് | 1000/- |

**പേര് : പഠനക്കൂട്ടങ്ങൾ**

**മേഖല : സാമൂഹികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പഠനം കാര്യക്ഷമ മാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു | ജനുവരി-മാർച്ച് | SRG PTA | 1000/- |

# ഉപസംഹാരം

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയ്ക്കും സമഗ്രവത്കരണത്തിനും മുൻഗണന കൊടുക്കുന്ന ഒരു ദീർഘവീക്ഷണ രേഖയാണിത്. പഠനലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചുള്ള അദ്ധ്യാപനം, ആധികാരികമായ അറിവ്, സാങ്കേതിക വൈദഗ്ധ്യം, വിദ്യാർത്ഥി പിന്തുണ എന്നിവയുടെ സമന്വയമാണ് അത്യാവശ്യമായിട്ടുള്ളത്. വിദ്യാഭ്യാസം മനുഷ്യാവകാശമാണ്. ഓരോ പഠിതാവിന്റേയും പ്രത്യേകതകൾ മാനിച്ചുകൊണ്ടുള്ള പഠനപരിസരം സൃഷ്ടിച്ചെടുക്കണം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് നാം സഞ്ചരിക്കുമ്പോൾ അദ്ധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും, അദ്ധ്യയനരീതികൾ നവീകരിക്കുന്നതിനും വിദ്യാർത്ഥികളിൽ ആശയവിനിമയം, ചിന്താശേഷി, സാമൂഹികബോധം തുടങ്ങിയവ വളർത്തി എടുക്കാനും കഴിയണം.

# അനുബന്ധം

2013–14 അധ്യയന വർഷം മുതലുള്ള ആകെ കുട്ടികളുടെ എണ്ണം (Std: VIII, IX, X)

| **അധ്യയന വർഷം** | **ആകെ കുട്ടികൾ** |
|---|---|
| 2013-14 | 199 |
| 2014-15 | 195 |
| 2015-16 | 161 |
| 2016-17 | 153 |
| 2017-18 | 127 |
| 2018-19 | 137 |
| 2019-20 | 131 |
| 2020-21 | 127 |
| 2021-22 | 118 |
| 2022-23 | 134 |
| 2023-24 | 139 |
| 2024-25 | 128 |
| 2025-26 | 125 |

2025 – 2026 അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ

| 10 A | 10 B |
|---|---|
| 18 | 35 |